# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:30.01.2025**

## പ്രധാനവാർത്തകൾ

1. **നാളെ ആരംഭിക്കുന്ന പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ച സർവകക്ഷിയോഗം പുരോഗമിക്കുന്നു.**

2. **രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 77-ാമത് രക്തസാക്ഷിത്വ ദിനം ഇന്ന്. രാഷ്ട്രം മഹാത്മാവിന്റെ സ്മരണയിൽ.**

3. **ഇന്ന് ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന ദിനം. ജനങ്ങൾക്കിടയിൽ ബോധവൽക്കരണം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന അശ്വമേധം ക്യാമ്പെയിന്റെ ആറാം ഘട്ടത്തിന് ഇന്ന് തുടക്കം.**

4. **30 തദ്ദേശ വാർഡുകളിലേക്ക് ഫെബ്രുവരി 24-ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും.**

5. **സംസ്ഥാനത്ത് താപനില ഉയരാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ് നൽകി അധികൃതർ.**

6. **38-ാ മത് ദേശീയ ഗെയിംസ് ഉത്തരാഖണ്ഡിൽ പുരോഗമിക്കുന്നു. കർണ്ണാടക മുന്നിൽ. ഐ.എസ്.എല്ലിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഇന്ന് ചെന്നൈയിൻ എഫ്.സി യെ നേരിടും.**

==========================================

RNU TVPM

## പാർലമെന്റ്

നാളെ ആരംഭിക്കുന്ന പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാർ  വിളിച്ച സർവകക്ഷിയോഗം പുരോഗമിക്കുന്നു. ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ അഭിസംബോധന ചെയ്യുന്നതോടെയാണ് ബജറ്റ് സമ്മേളനത്തിന് തുടക്കമാകുന്നത്. സാമ്പത്തിക സർവ്വേ റിപ്പോർട്ട്  കേന്ദ്രധനമന്ത്രി നിർമ്മല സീതാരാമൻ നാളെ പാർലമെൻറിന്റെ മേശപ്പുറത്ത് വയ്ക്കും. 2025-26 ലെ കേന്ദ്ര ബജറ്റ് ശനിയാഴ്ച കേന്ദ്രധനമന്ത്രി പാർലമെൻറിൽ അവതരിപ്പിക്കും. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയം പാർലമെന്റ് തിങ്കളാഴ്ച ചർച്ച ചെയ്യും.

RNU TVPM

==========================================

## വഖഫ് ഭേദഗതി ബിൽ

വഖഫ് ഭേദഗതി ബിൽ 2024 സംബന്ധിച്ച പാർലമെന്റ് സംയുക്ത സമിതിയുടെ കരട് റിപ്പോർട്ട് ഇന്ന് ലോക്സഭാ സ്പീക്കർ ഓം ബിർളയ്ക്ക് സമർപ്പിക്കും. കരട് റിപ്പോർട്ട് ഇന്നലെ സമിതി അംഗീകരിച്ചിരുന്നു. ബില്ലുമായി ബന്ധപ്പെട്ട 14 വ്യവസ്ഥകളിൽ കമ്മിറ്റി ഭേദഗതികൾ അംഗീകരിച്ചതായി 31 അംഗ സമിതിയുടെ ചെയർമാൻ ജഗദാംബിക പാൽ പറഞ്ഞു. പ്രതിപക്ഷത്തിന്റെ വിയോജിപ്പോടെയാണ് കരട് റിപ്പോർട്ട് അവതരിപ്പിച്ചത്.

==========================================

## കേന്ദ്ര  മന്ത്രിസഭായോഗ തീരുമാനം

നാഷണൽ ക്രിറ്റിക്കൽ മിനറൽ മിഷന് രൂപം നല്കാനുള്ള കേന്ദ്ര  മന്ത്രിസഭാ യോഗ തീരുമാനം ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള ഒരു പ്രധാന ചുവടുവയ്പ്പാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

രാജ്യത്തിന്റെ ഹരിതോർജ സാങ്കേതിക വിദ്യ, പ്രതിരോധം, പ്രധാന വ്യവസായങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതിന് തീരുമാനം സഹായകമാകുമെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

==================================================

## പ്രധാനമന്ത്രി – മഹാത്മാഗാന്ധി

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 77-ാം രക്തസാക്ഷിത്വ ദിനാചരണത്തോട് അനുബന്ധിച്ച് രാജ്യത്ത് വിവിധ പരിപാടികൾ സംഘടിപ്പിച്ചു. 1948 ജനുവരി 30 നാണ് നാഥുറാം ഗോഡ്സെയുടെ വെടിയേറ്റ് ഗാന്ധിജി കൊല്ലപ്പെട്ടത്. ന്യൂഡൽഹിയിൽ രാജ്ഘട്ടിലെ ഗാന്ധി സമാധിയിൽ ഇന്ന് സർവ ധർമ്മ പ്രാർത്ഥന നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്, ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി തുടങ്ങിയവർ രാജ് ഘട്ടിലെത്തി മഹാത്മാഗാന്ധിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു. വികസിതരാജ്യമായി ഇന്ത്യയെ അതിവേഗം മാറ്റാൻ ഗാന്ധിജിയുടെ ദർശനങ്ങൾ പ്രചോദനമായെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു. രാജ്യത്തിനു വേണ്ടി ജീവൻ ബലിയർപ്പിച്ച എല്ലാ രക്തസാക്ഷികൾക്കും രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിച്ചു. രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് മഹാത്മാഗാന്ധിയുടെ ജീവിതത്തെക്കുറിച്ചുള്ള പ്രത്യേക പ്രദർശനം, "ജേർണി ഓഫ് ദി മഹാത്മ: ത്രൂ ഹിസ് ഓൺ ഡോക്യുമെന്റ്സ്" രാജ്ഘട്ടിലുള്ള നാഷണൽ ഗാന്ധി മ്യൂസിയത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്. പ്രദർശനം ഗാന്ധിജിയുടെ ചെറുമകളും നാഷണൽ ഗാന്ധി മ്യൂസിയം ചെയർപേഴ്സണുമായ താരാ ഗാന്ധി ഭട്ടാചാര്യ ഉദ്ഘാടനം ചെയ്യും.

RNU TVPM

========================================

**കുഷ്ഠ രോഗ നിർമാർജ്ജന ദിനം – (ഇൻട്രോ)**

ഇന്ന് ദേശീയ  കുഷ്ഠ രോഗ നിർമാർജ്ജന ദിനം. തുടക്കത്തിൽ രോഗനിർണയം നടത്തി കുഷ്ഠ രോഗം തുടച്ചു നീക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

**ഒരു റിപ്പോർട്ട്...**

**– (വോയിസ്....)**

രാഷ്ട്ര പിതാവിനോടുള്ള ആദരസൂചകമായാണ് ഇന്ത്യയിൽ ദേശീയ കുഷ്ഠ രോഗ നിർമാർജന ദിനം ആചരിക്കുന്നത്. ദിനാചരണ ത്തോടനുബന്ധിച്ച് രാജ്യമെമ്പാടും നിരവധി ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിൽ ആരോഗ്യ വകുപ്പ് സംഘടിപ്പിക്കുന്ന **'അശ്വമേധം'** ആറാം ഘട്ടം ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം  മന്ത്രി വീണാ ജോർജ് ഇന്ന് നിർവഹിക്കും. ക്യാമ്പയിന്റെ ഭാഗമായി അടുത്ത മാസം 12 വരെ, രണ്ടാഴ്ചക്കാലം നീളുന്ന ഭവന സന്ദർശനം, സ്പർശ് ക്യാമ്പയിൻ എന്നിവ സംഘടിപ്പിക്കും. 2018-ൽ ആരംഭിച്ച അശ്വമേധം കുഷ്ഠരോഗ നിർമാർജ്ജന പദ്ധതിയുടെ ഭാഗമായാണ് സ്പർശിന്റെ പ്രവർത്തനം ആരംഭിച്ചത്.

തുടക്കത്തിൽ തന്നെ കണ്ടെത്തുകയും  യഥാസമയം ചികിത്സ പൂർത്തിയാക്കുകയും ചെയ്യുന്നതിലൂടെ കുഷ്ഠ രോഗം ഭേദമാക്കാനും അതുമായി ബന്ധപ്പെട്ട അംഗവൈകല്യം ഒഴിവാക്കാനും സാധിക്കും എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുകയാണ് ബോധവത്കരണ പരിപാടിയുടെ ലക്ഷ്യം.

ന്യൂസ് ഡെസ്ക്, ആകാശവാണി...

========================================

RNU TVPM

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് 30 തദ്ദേശ വാർഡുകളിലേക്ക് ഫെബ്രുവരി 24-ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. തിരുവനന്തപുരം കോർപ്പറേഷനിലെ ശ്രീവരാഹം വാർഡ്, കൊട്ടാരക്കര, പത്തനംതിട്ട, മൂവാറ്റുപുഴ മുനിസിപ്പാലിറ്റികളിലെ ഓരോ വാർഡുകൾ, രണ്ട് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവിടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ്. അടുത്ത മാസം ആറ് വരെ നാമനിർദേശ പത്രിക സമർപ്പിക്കാം. ഫെബ്രുവരി 25-നാണ് വോട്ടെണ്ണൽ.

===========================================

## കുംഭമേള –സന്ദർശിക്കും

കുംഭമേളക്കിടെ തിക്കിലും തിരക്കിലും അപകടം ഉണ്ടായ സാഹചര്യത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ അവലോകനം ചെയ്യുന്നതിനായി ഉത്തർപ്രദേശ് ചീഫ് സെക്രട്ടറിയും പൊലീസ് മേധാവിയും ഇന്ന് പ്രയാഗ്‌രാജ് സന്ദർശിക്കും. സംഭവത്തിൽ 30 തീർത്ഥാടകർക്ക് ജീവൻ നഷ്ടപ്പെടുകയും 60 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. സ്ഥിതിഗതികൾ വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കാൻ മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ചീഫ് സെക്രട്ടറിയ്ക്കും ഡിജിപിയ്ക്കും നിർദേശം നൽകിയിരുന്നു. സംഭവം അന്വേഷിക്കുന്നതിന് മൂന്നംഗ ജുഡീഷ്യൽ കമ്മീഷനെയും രൂപീകരിച്ചു. പ്രദേശത്ത് ദ്രുതകർമസേനയെ വിന്യസിച്ചിട്ടുണ്ട്. കനത്ത സുരക്ഷ ഉറപ്പാക്കിയിട്ടുണ്ടെന്ന് ഉത്തർപ്രദേശ് പോലീസ് അറിയിച്ചു.

===========================================

## ആർ ബിന്ദു

ഗവേഷണങ്ങൾക്ക് അന്താരാഷ്ട്രനിലവാരത്തോടെ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ സംസ്ഥാന ഉന്നതവിദ്യാഭ്യാസ

RNU TVPM

കൗൺസിൽ നടപ്പിലാക്കുന്ന രണ്ട് മികവിന്റെ കേന്ദ്രങ്ങൾക്ക് ഇന്ന് തുടക്കമാകും. കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷനും സെന്റർ ഓഫ് എക്സലൻസ് ഇൻ ടീച്ചിംഗ് ലേണിംഗ് ആൻഡ് ട്രെയിനിംഗുമാണ് ആരംഭിക്കുന്നത്. സാങ്കേതിക മ്യൂസിയം സമുച്ചയത്തിൽ 3 മണിക്ക് മന്ത്രി ആർ.ബിന്ദു ഉദ്ഘാടനം നിർവഹിക്കും. രണ്ട് കേന്ദ്രങ്ങളുടെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ഇതോടെ നിലവിൽ വരും.

==========================================

## വി ഡി സതീശൻ

എലപ്പുള്ളിയിലെ ബ്രൂവറി സംബന്ധിച്ച് തീരുമാനമെടുത്തത് മുഖ്യമന്ത്രിയും മന്ത്രി എം.ബി രാജേഷും മാത്രം അറിഞ്ഞുകൊണ്ടാണെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശൻ. ഒയാസിസ് കമ്പനിക്കു വേണ്ടിയാണ് സർക്കാർ മദ്യനയം മാറ്റിയതെന്നും ബ്രൂവറി വരുന്നതോടെ പാലക്കാട് വലിയ ജലക്ഷാമം ഉണ്ടാകുമെന്നും അദ്ദേഹം ആരോപിച്ചു. കോൺഗ്രസിന്റെ മലയോര പ്രചാരണ ജാഥയുടെ ഭാഗമായി നിലമ്പൂരിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു വി.ഡി.സതീശൻ.

RNUTVPM

==========================================

## അഗ്നിപഥ് റിക്രൂട്ട്മെന്റ് റാലി

ഫെബ്രുവരി ഒന്ന് മുതൽ ഏഴ് വരെ തൃശ്ശൂർ മുനിസിപ്പൽ സ്റ്റേഡിയത്തിൽ കരസേനയിലേക്കുള്ള അഗ്നിപഥ് റിക്രൂട്ട്മെന്റ് റാലി സംഘടിപ്പിക്കും. 2019-ന് ശേഷം തൃശ്ശൂർ ജില്ല ആതിഥേയത്വം വഹിക്കുന്ന റാലി ഫെബ്രുവരി ഒന്നിന് രാവിലെ ആറ് മണിക്ക് ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഫ്ളാഗ് ഓഫ് ചെയ്യും. കോഴിക്കോട്, കാസർകോട്, കണ്ണൂർ, മലപ്പുറം, പാലക്കാട്,

തൃശ്ശൂർ, വയനാട്, ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ട **3,381** ഉദ്യോഗാർത്ഥികൾക്കായാണ് റിക്രൂട്ട്മെന്റ് റാലി നടത്തുന്നത്. ഉദ്യോഗാർത്ഥികൾക്ക് റാലിയിൽ പങ്കെടുക്കാൻ എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

============================================

**ഐ.എ.എസ് മാറ്റം**

സംസ്ഥാനത്ത് IAS തലപ്പത്ത് മാറ്റം. കൃഷി ഡയറക്ടറായിരുന്ന അദീലാ അബ്ദുള്ളയെ സാമൂഹ്യനീതി സ്പെഷ്യൽ സെക്രട്ടറിയായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ CMD പി ബി നൂഹിനെ ഗതാഗത സ്പെഷ്യൽ സെക്രട്ടറിയായും നിയമിച്ചു.

ഡോ. അശ്വതി ശ്രീനിവാസ് ആണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുതിയ CMD.

============================================

**യു.എസ് യാത്രാവിമാനം**

യു.എസിൽ, യാത്രാ വിമാനം യു.എസ് ആർമി ബ്ലാക്ക് ഹോക്ക് ഹെലികോപ്റ്ററുമായി ആകാശത്ത് വച്ച് കൂട്ടിയിടിച്ചതായി ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ അറിയിച്ചു.

64 പേരുമായി പറന്ന യാത്രാ വിമാനം പൊട്ടോമാക് നദിക്ക് മുകളിലൂടെ റീഗൻ നാഷണൽ എയർപോർട്ടിന്റെ റൺവേയിലേക്ക് പ്രവേശിക്കാനൊരുങ്ങുമ്പോഴായിരുന്നു അപകടം നടന്നതെന്ന് പ്രതിരോധ ഉദ്യോഗസ്ഥർ വ്യക്തമാക്കി.

അപകടത്തെക്കുറിച്ച് വിവരം ലഭിച്ചിട്ടുണ്ടെന്നും സ്ഥിതിഗതികൾ നിരീക്ഷിച്ചുവരികയാണെന്നും പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പറഞ്ഞു.

============================================

RNU TVPM

**കേന്ദ്ര കാലാവസ്ഥാ വകുപ്പ്**

സംസ്ഥാനത്ത് ഇന്ന് സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് അറിയിച്ചു. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കരുത്. നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം. ശാരീരിക അസ്വസ്ഥകളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ഉടൻ ചികിത്സ തേടണമെന്നും ആരോഗ്യമന്ത്രി അഭ്യർത്ഥിച്ചു.

=========================================

**നാഷണൽ ഗെയിംസ്**

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാ മത് ദേശീയ ഗെയിംസിൽ ഇന്ന് ഖോ-ഖോ, ബാസ്കറ്റ്ബോൾ, നീന്തൽ, ബാഡ്മിന്റൺ, ഭാരോദ്വഹനം എന്നീ ഇനങ്ങളിൽ മത്സരം നടന്നു. നിലവിൽ 5 സ്വർണവുമായി കർണാടകയാണ് മുന്നിട്ട് നിൽക്കുന്നത്. നാല് സ്വർണവുമായി മണിപ്പൂർ രണ്ടാമതും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. കേരളം എട്ടാം സ്ഥാനത്താണ്.

=========================================

**ഐ.എസ്.എൽ**

ഐ.എസ്.എല്ലിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഇന്ന് ചെന്നൈയിൻ എഫ്.സി യെ നേരിടും. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

=========================================

RNU TVPM

## ക്രിക്കറ്റ് - ട്വന്റി -20

ഇന്ത്യ-ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം നാളെ. പുനെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം. കഴിഞ്ഞ ദിവസം ഗുജറാത്തിൽ നടന്ന മൂന്നാം മത്സരത്തിൽ 26 റൺസിന് ഇംഗ്ലണ്ടിനായിരുന്നു ജയം. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലാണ്.

========================================

## അണ്ടർ - 19 ക്രിക്കറ്റ്

ഐ സി സി അണ്ടർ-19 വനിത ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് സെമിഫൈനൽ നാളെ. ഇന്ത്യ-ഇംഗ്ലണ്ട് മത്സരം ക്വാലാലംപൂരിലാണ് നടക്കുന്നത്. ഇന്ത്യൻ സമയം രാത്രി 10.30 നാണ് മത്സരം.

RNU TVPM

========================================

## ചെറുകോൽപ്പുഴ – (ഇൻട്രോ)

**113-ാ**മത് അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിന് ഭദ്രദീപം തെളിയിക്കാനുള്ള ദീപവുമായുള്ള ജ്യോതിപ്രയാണ ഘോഷയാത്ര ചവറ പന്മന ആശ്രമത്തിൽ നിന്ന് പുറപ്പെട്ടു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ.....**

**(വോയിസ്............)**

========================================

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് **218** പോയിന്റ് ഉയർന്ന് **76,751** ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി **105** പോയിൻറ് ഉയർന്ന് **23,264** ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവിലയിൽ വർദ്ധന. ഗ്രാമിന് **15** രൂപ കൂടി **7,610** രൂപയും പവന് **120** രൂപ കൂടി **60,880** രൂപയുമാണ് ഇന്നത്തെ വില.

==================================================

**അന്തരിച്ചു – കോഴിക്കോട്**

കോഴിക്കോട് കോർപറേഷൻ മുൻ കൗൺസിലറും മുസ്ലീം ലീഗ് കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റുമായ മൂഴിക്കൽ ചെറുവറ്റ പി ഇസ്മായിൽ അന്തരിച്ചു. ഖബറടക്കം വൈകിട്ട് നടക്കും.

==================================================

**ഹജ്ജ്**

ഈ വർഷത്തെ ഹജ്ജിന് തിരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാം ഘട്ട സാങ്കേതിക പരിശീലന ക്ലാസുകൾ അടുത്ത മാസം മൂന്ന് മുതൽ 25 വരെ നടത്തും. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി V. അബ്ദുറഹിമാൻ തിങ്കളാഴ്ച കരിപ്പൂർ ഹജ്ജ് ഹൗസിൽ നിർവ്വഹിക്കും.

RNU TVPM

==================================================

**ബാലരാമപുരം-കുട്ടി മരിച്ച നിലയിൽ**

തിരുവനന്തപുരം ബാലരാമപുരം കോട്ടുകാൽക്കോണത്ത് രണ്ട് വയസുള്ള കുട്ടിയെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. ശ്രീതു- ശ്രീജിത്ത് ദമ്പതികളുടെ മകൾ ദേവേന്ദുവിനെയാണ് വീടുവളപ്പിലെ കിണറ്റിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ഉറങ്ങിക്കിടന്ന കുട്ടിയെ രാവിലെ മുതൽ കാണാനില്ലെന്നായിരുന്നു പരാതി. തുടർന്ന് ബാലരാമപുരം പൊലീസ് നടത്തിയ അന്വേഷണത്തിലാണ് കുട്ടിയുടെ മൃതദേഹം കിണറ്റിൽ കണ്ടെത്തിയത്.

======================

================================

==================================================